LIBRARY ARCHIVES Kerala Legislative Assembly

## പ്രവാസി നോർക്ക പദ്ധതികൾ

310. വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങിവരുന്ന ഹതഭാഗ്യരായ മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് നോർക്കയുടെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികൾ നടപ്പാക്കുന്നതാണ്.

311. പ്രവാസി മലയാളികൾക്ക് ആവശ്യമുള്ള ഘട്ടങ്ങളിൽ നിയമോപദേശം നൽകുവാനായി ഒരു പ്രവാസി ലീഗൽ എയ്ഡ് സെല്ലും, ഇവർക്കായി 24 മണിക്കൂറും ഹെൽപ് ലൈൻസേവനവും ലഭ്യമാക്കുന്ന ഒരു ബിസിനസ് സെന്റർ സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്ത് മൂലധന നിക്ഷേപം നടത്താൻ താത്പര്യമുള്ള പ്രവാസികൾക്ക് ആവശ്യമുള്ള വിവരങ്ങൾ ലഭ്യമാക്കുവാനും, പരാതികൾ പരിഹരിക്കുവാനുമുള്ള സംവിധാനം ലഭ്യമാക്കുവാനും ഉദ്ദേശിച്ചാണ് ഈ ബിസിനസ് സെന്റർ സ്ഥാപിക്കുന്നത്.

## പരിസ്ഥിതി

312. പരിസ്ഥിതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന 'നീർത്തടങ്ങളുടെ ആവാസ പുനഃസ്ഥാപനം' എന്ന പദ്ധതിയിൽപ്പെടുത്തി കുളമംഗലം മേച്ചിറക്കുളം പുനരുജ്ജീവിപ്പിക്കുന്നതാണ്.

313. ഉടുമ്പൻചോല താലൂക്കിലെ ജൈവവൈവിദ്ധ്യ സമ്പന്ന മേഖലകളുടെ സംരക്ഷണം ജൈവ വൈവിദ്ധ്യ ഫണ്ടുപയോഗിച്ച് നടപ്പിലാക്കും.

314. പമ്പാ പ്രവർത്തന പദ്ധതിയും കുട്ടനാട് പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് പമ്പാനദിയുടെ ജൈവ വൈവിദ്ധ്യ സംരക്ഷണവും പുനരുദ്ധാരണവും ഉറപ്പുവരുത്തുന്നതാണ്.

## കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം

315. കേരളത്തിലെ ഹൈന്ദവക്ഷേത്രങ്ങൾ ആരാധനാലയങ്ങൾ മാത്രമല്ല ഒരു സംസ്കാരത്തിന്റെ ഭാഗം കൂടിയാണ്. പല ക്ഷേത്രങ്ങളോടും ചേർന്നുള്ള കാവുകളും കുളങ്ങളും ആൽത്തറകളും ഇന്ന് നാശത്തിന്റെ വക്കിലാണ്. ഇവയുടെ പുനരുദ്ധാരണത്തിന് ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. ഇതിലേക്കായി 5 കോടി രൂപ മാറ്റി വയ്ക്കുന്നു.

## പാർലമെന്ററി കാര്യം

316. കേരള ചരിത്രത്തിലെ വിധി നിർണ്ണായകമായ പല നിർമ്മാണങ്ങൾക്കും വേദിയായ പഴയ നിയമസഭാ മന്ദിരം പൈതൃക പദവി നൽകി സംരക്ഷിക്കുന്നതാണ്. കേരള നിയമ നിർമ്മാണ സഭയുടെ ചരിത്രം ഉൾക്കൊള്ളുന്ന പുസ്തകം 'കേരള നിയമസഭാ ചരിത്രം' പ്രസിദ്ധീകരിക്കുന്നതാണ്.